File Ref.No.72431/GA-II-F-SO/2019/Admn

**UNIVERSITY OF CALICUT**

**Abstract**

കാലിക്കറ്റ് സർവകലാശാല - സ്വകാര്യ എയ്ഡഡ് കോളേജുകൾ - യു.ജി.സി. റെഗുലേഷൻസ് 2018, Clause 6.3-VIII ൽ സൂചിപ്പിച്ച, 31.12.2018 വരെയുള്ള കോളേജ് അധ്യാപകരുടെ സ്ഥാനക്കയറ്റങ്ങൾക്ക് ഓറിയന്റേഷൻ / റിഫ്രഷർ കോഴ്സുകൾ നിർബന്ധമല്ല എന്ന നിർദ്ദേശം സർവകലാശാലയിൽ നടപ്പിലാക്കുന്നതിനുള്ള സിൻഡിക്കേറ്റിന്റെ അഫിലിയേറ്റഡ് കോളേജ് സ്റ്റാഫ് സ്ഥിരം സമിതി (SC on SAC)യുടെ ശുപാർശ - 16.07.2021 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നമ്പർ 2021.547* തീരുമാനം - നടപ്പിലാക്കി - ഉത്തരവ് ഇറക്കുന്നു .

---

**General and Academic II - 'F' Section**

U.O.No. 7529/2021/Admn — Dated, Calicut University.P.O, 03.08.2021

---

*Read:*-(1) 29.04.2021ന് ചേർന്ന സിൻഡിക്കേറ്റിന്റെ അഫിലിയേറ്റഡ് കോളേജ് സ്റ്റാഫ് സ്ഥിരം സമിതി (SC on SAC)യുടെ യോഗതീരുമാനം ഇനം നം.52.
(2) 16.07.2021 തീയതിയിൽ ചേർന്ന സർവകലാശാലാ സിൻഡിക്കേറ്റ് യോഗ തീരുമാനം ഇനം നം.2021.547*.
(3) 28.07.2021 തിയതിയിലെ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് .

ORDER

1. സിൻഡിക്കേറ്റിന്റെ അഫിലിയേറ്റഡ് കോളേജ് സ്റ്റാഫ് സ്ഥിരം സമിതി (SC on SAC) സൂചന (1) പ്രകാരം, യു.ജി.സി. റെഗുലേഷൻസ് 2018, Clause 6.3-VIII ൽ സൂചിപ്പിച്ച, 31.12.2018 വരെയുള്ള കോളേജ് അധ്യാപകരുടെ സ്ഥാനക്കയറ്റങ്ങൾക്ക് ഓറിയന്റേഷൻ /റിഫ്രഷർ കോഴ്സുകൾ നിർബന്ധമല്ല എന്നുള്ള നിർദ്ദേശം സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി.
2. 16.07.2021 തീയതിയിൽ ചേർന്ന സിന്റിക്കേറ്റ് യോഗം, മേൽ ശുപാർശയും അതോടൊപ്പം ടി ശുപാർശ നടപ്പിലാക്കുമ്പോൾ, 2010 റെഗുലേഷന് മുമ്പുള്ള റെഗുലേഷന്റെ പരിധിയിൽ വരുന്ന അധ്യാപകരും ഇതിന്റെ പരിധിയിൽ വരുന്നവരാണോ എന്നതിൽ വ്യക്തത വരുത്തുന്ന കാര്യവും പരിഗണിക്കുകയും, സൂചന (2) പ്രകാരം, സിൻഡിക്കേറ്റ് സ്റ്റാന്റിങ് കമ്മിറ്റിയുടെ ഇനം നം. 52 പ്രകാരമുള്ള ശുപാർശ നടപ്പിലാക്കാനും, അതോടൊപ്പം, 2010 റെഗുലേഷനും മുമ്പുള്ള റെഗുലേഷന്റെ പരിധിയിൽ വരുന്ന അധ്യാപകരും ഈ ശുപാർശയുടെ പരിധിയിൽ വരുന്നവരാണോ എന്ന വിഷയത്തിൽ നിയമാനുസരണം തീരുമാനമെടുക്കാൻ തീരുമാനിക്കുകയും ചെയ്തു.
3. ബഹു. വൈസ് ചാൻസലർ 28.07.2021 തിയതിയിൽ, ടി സിന്റിക്കേറ്റ് തീരുമാനം നടപ്പിലാക്കാൻ അനുമതി നല്കി.
4. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Abdul Sathar P.P

Assistant Registrar

To

1.സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്വാകാര്യ എയ്ഡഡ് കോളേജ് മാനേജർ/പ്രിൻസിപ്പൽമാർക്കും.
2.മേഖലാ കോളേജ് വിദ്യാഭ്യാസ ഉപ ഡയറക്ടർ കോഴിക്കോട്/ തൃശൂർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പകർപ്പ്:
PS to VC/PA to PVC/PA to Registrar/GA II 'A' Section/GA II 'C' Section/
GA II 'H' Section/GA II 'Special Cell'/The Joint Director, KSAD.

Forwarded / By Order

Section Officer